# സാമൂഹിക പ്രത്യാഘാത പഠനം

## നായരമ്പലം- ഹെർബർട്ട് പാലത്തിന്റെ അനുബന്ധ റോഡ് നിർമ്മാണം

നായരമ്പലം വില്ലേജ്, കൊച്ചി താലൂക്ക്, എറണാകുളം

**0.0648 ഹെക്ടർ**

അന്തിമ റിപ്പോർട്ട്

തീയതി: 29/12/2022

റിക്വസിഷൻ അധികാരി

കേരള റോഡ് ഫണ്ട് ബോർഡ്


കേരളാ വോളന്ററി ഹെൽത്ത് സർവ്വീസസ്

കളക്ട്രേറ്റ് പി.ഒ, മുള്ളൻകുഴി, കോട്ടയം : 686002

ഫോൺ : 0481 2572781, 2573875

E-mail :keralavhs@yahoo.co.in

Web :www.keralavhs.org


KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

## ഉള്ളടക്കം

### പഠന റിപ്പോർട്ട് - രത്ന ചുരുക്കം


1.1 ആമുഖം- പദ്ധതിയും പൊതു ആവശ്യവും

1.2 പദ്ധതി പ്രദേശം

1.3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും

(എ). ഭൂമി ഏറ്റെടുക്കൽ അധികാരി

(ബി).പദ്ധതി ബാധിതരുടെ വിവരങ്ങൾ

(സി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.

1.4. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർദ്ദേശങ്ങൾ

1.5. സാമൂഹിക പ്രത്യാഘാതം

1.6. പ്രത്യാഘാത ലഘൂകരണ നടപടികൾ

1.7. പ്രത്യാഘാത ലഘൂകരണ മാർഗ്ഗം- വിശദാംശങ്ങൾ

1.8. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ

**അദ്ധ്യായം 2- പദ്ധതി വിശദീകരണം**

2.1. പശ്ചാത്തലവും ഭരണ നിർവ്വഹണ ഏജൻസികളുടെ വിശദാംശങ്ങളും

2.1.1. റിക്വസിഷൻ അധികാരി

2.1.1. (എ). കെ.ആർ.എഫ്.ബി (കേരള റോഡ് ഫണ്ട് ബോർഡ്)

2.1.2. ഭൂമി *ഏറ്റെടുക്കൽ* - കാര്യ നിർവ്വഹണവിഭാഗം

2.2. പദ്ധതിയുടെ പൊതു ആവശ്യ പ്രസക്തി

2.3. പദ്ധതിയുടെ സ്വഭാവം, ഘടന, പ്രദേശം, ലക്ഷ്യം, ചിലവ്, പ്രാപ്തി, നഷ്ടം എന്നിവ

2.3.1. പദ്ധതി പ്രദേശം

2.4. പദ്ധതി നിർവ്വഹണഘട്ടം

2.5. പദ്ധതി രൂപരേഖയുടെ വിശദാംശങ്ങൾ

2.6. പദ്ധതിക്ക് സഹായകരമായ മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

2.7. ആവശ്യമായ തൊഴിലാളികളുടെ (സ്ഥിരം/ താൽക്കാലികം) ആവശ്യകത

2.8. സാമൂഹിക പ്രത്യാഘാത പഠനമോ, പരിസ്ഥിതി ആഘാത പഠനമോ മറ്റ് സാധ്യതാ പഠനങ്ങളോ നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ

2.9. പദ്ധതിയെ ബാധിക്കുന്ന നിയമങ്ങളും നയങ്ങളും


KERALA VHS ★ MULLANKUZHY ★ KOTTAYAM-2 COLLECTORATE P.O.

## അദ്ധ്യായം 3- സാമൂഹിക പ്രത്യാഘാത പഠനം - സമീപനവും രീതിശാസ്ത്രവും

3.1. പശ്ചാത്തലം

3.2. സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് ടീമിന്റെ ഘടനയും വിവരങ്ങളും

3.3. പഠന സമീപനം

3.4. പദ്ധതിയുടെ രീതിശാസ്ത്രവും നടപ്പിലാക്കിയ മാർഗ്ഗങ്ങളും

3.5. വിവരശേഖരണ കേന്ദ്രങ്ങൾ

3.6. നടപടികളും സമയക്രമങ്ങളും

3.7. പദ്ധതി ബാധിതരുമായുള്ള കൂടിക്കാഴ്ചയിൽ ഉന്നയിക്കപ്പെട്ട പ്രധാന അഭിപ്രായങ്ങൾ

3.8. പൊതു അഭിപ്രായ സ്വീകരണം

## അദ്ധ്യായം 4- പദ്ധതി ഭൂമിയുടെ വിശകലനം

4.1. ഭൂമിയുടെ വിവരണം

4.2. പദ്ധതി പ്രദേശത്തിൽ ഉണ്ടായേക്കാവുന്ന പൊതുവായ പ്രത്യാഘാതം.

4.3. പദ്ധതിക്ക് ആവശ്യമായ ഭൂമിയുടെ വിവരണം.

4.4. പദ്ധതി ബാധിക്കുന്ന പൊതു ഉപയോഗ വസ്തുക്കളുടെയും പൊതു സ്വത്തിന്റെയും വിവരണം.

4.5. പദ്ധതിക്കുവേണ്ടി ഏതെങ്കിലും ഭൂമി മുൻകൂട്ടി വാങ്ങുകയോ മാറ്റി വയ്ക്കപ്പെടുകയോ, വാടകയ്ക്ക് എടുക്കുകയോ, ഏറ്റെടുക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരണം.

4.6. പദ്ധതി ബാധിത പ്രദേശത്തിന്റെ സ്ഥാനം, വിസ്തീർണ്ണം മറ്റു വിവരങ്ങൾ

4.7. പദ്ധതി ബാധിത പ്രദേശത്തിന്റെ സ്വഭാവം, ഘടന, കൃഷിരീതി, ജല ലഭ്യത

4.8. വസ്തുവിന്റെ വിസ്തൃതി, ഉടമസ്ഥതാസ്വഭാവം, വിവരണം, താമസ ഭവനങ്ങളുടെ എണ്ണം.

4.9. ഭൂമി വില, ഉടമസ്ഥാവകാശത്തിലെ മാറ്റങ്ങൾ, ഭൂമി കൈമാറ്റം, ഭൂമിയുടെ ഉപയോഗം-കഴിഞ്ഞ 3 വർഷങ്ങളിൽ

## അദ്ധ്യായം 5 - ബാധിക്കപ്പെടുന്ന കുടുംബങ്ങളുടെ എണ്ണവും നഷ്ടപ്പെടുന്ന സ്വത്ത് വിവരങ്ങളും

5.1. പദ്ധതി നേരിട്ട് ബാധിക്കപ്പെടുന്ന കുടുംബങ്ങൾ

KERALA V H S MULLANKUZHY KOTTAYAM-2 COLLECTORATE P.O.

5.2. പദ്ധതി നേരിട്ട് അല്ലാതെ ബാധിക്കപ്പെടുന്ന കുടുംബങ്ങൾ

5.3. ഉപയോഗപ്രദമായതും അല്ലാത്തതുമായ ഭൂമിയുടെയും, മറ്റ് സ്വത്തുക്കളുടെയും വിവരങ്ങൾ

**അദ്ധ്യായം 6- പദ്ധതി ബാധിതരുടെ സാമൂഹ്യ- സാമ്പത്തിക-സാംസ്കാരിക വിവരങ്ങൾ**

6.1. ജനസംഖ്യ വിവരങ്ങൾ

6.2. പദ്ധതി ബാധിതരായ ഭൂവുടമകളുടെ സ്ത്രീ-പുരുഷ അനുപാത വിതരണം

6.3. പദ്ധതി ബാധിതരായ ഭൂവുടമകളുടെ വയസ്സ് തിരിച്ചുള്ള വിവരണം

6.4. കുടുംബാംഗങ്ങളുടെ എണ്ണം അനുസരിച്ച് ഭൂവുടമകളുടെ വിവരണം.

6.5. വിദ്യാഭ്യാസ നിലവാരത്തിന്റെ അടിസ്ഥാനത്തിൽ ഭൂവുടമകൾ

6.6. മതത്തിന്റെ അടിസ്ഥാനത്തിൽ ഭൂവുടമകൾ

6.7. ഭൂവുടമകളുടെ സാമ്പത്തിക സ്ഥിതി

6.8. ജോലി അടിസ്ഥാനമാക്കി ഭൂവുടമകൾ

6.9. വരുമാന അടിസ്ഥാനത്തിൽ ഭൂവുടമകളായ പദ്ധതി ബാധിതരുടെ വിവരങ്ങൾ

6.10. പദ്ധതി ബാധിതരുടെ കുടുംബാംഗങ്ങളുടെ സാമൂഹ്യ - സാമ്പത്തിക വിവരങ്ങൾ

6.10.1. പദ്ധതി ബാധിതരായ കുടുംബാംഗങ്ങളുടെ പ്രായം തിരിച്ചുള്ള വിവരങ്ങൾ

6.10.2.പദ്ധതി ബാധിതരായ കുടുംബാംഗങ്ങളും വിദ്യാഭ്യാസ നിലവാരം അടിസ്ഥാനമാക്കിയുള്ള വിവരങ്ങൾ

**അദ്ധ്യായം 7 - സാമൂഹ്യപ്രത്യാഘാത പരിഹാര നിർവ്വഹണ പദ്ധതി**

7.1. പ്രത്യാഘാത ലഘൂകരണ നടപടികൾ

7.2.പുനരധിവാസ പുനസ്ഥാപന പ്രക്രിയയിൽ ഉൾപ്പെടുത്തേണ്ട നിബന്ധനകൾ

7.3. പദ്ധതിക്ക് വേണ്ടി ഭൂമി ആവശ്യപ്പെടുന്ന നടപ്പാക്കൽ ഏജൻസി പ്രത്യേകമായി മുന്നോട്ട് വയ്ക്കുന്ന നിർദ്ദേശങ്ങൾ

7.4. സാമൂഹിക പ്രത്യാഘാത പഠനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്ക് വരുത്തേണ്ട മാറ്റങ്ങളും കൂട്ടിച്ചേർക്കേണ്ട കാര്യങ്ങളും

7.5. പ്രത്യാഘാതലഘൂകരണ മാർഗ്ഗം-വിശദാംശങ്ങൾ

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

**അദ്ധ്യായം 8- സാമൂഹ്യ പ്രത്യാഘാത പരിഹാര നിർവ്വഹണ പദ്ധതിയുടെ നടപ്പാക്കൽ സംവിധാന ഘടന**

8.1. സ്ഥാപന ഘടനാ സംവിധാനം

**അദ്ധ്യായം 9- സാമൂഹിക പ്രത്യാഘാത കാര്യ നിർവ്വഹണവും ബജറ്റും പ്രത്യാഘാത ലഘൂകരണത്തിന് വേണ്ടിയുള്ള സാമ്പത്തികവും**

9.1. പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള ചിലവ്

9.2. വാർഷിക ബജറ്റും പദ്ധതി രൂപരേഖയും

9.3. സാമ്പത്തിക സ്രോതസ്സും വിശദീകരണവും

**അദ്ധ്യായം 10- സാമൂഹിക പ്രത്യാഘാത കാര്യ നിർവ്വഹണ പദ്ധതി - മേൽനോട്ടവും വിലയിരുത്തലും**

10.1. പ്രധാനപ്പെട്ട മേൽനോട്ട വിലയിരുത്തൽ സൂചകങ്ങൾ

10.2. മേൽനോട്ടവും റിപ്പോർട്ടിംഗും

10.3. സ്വതന്ത്രമായ വിലയിരുത്തലിന് വേണ്ടിയുള്ള പദ്ധതി

**അദ്ധ്യായം 11 -സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ**

**അനുബന്ധരേഖകൾ**

1. **പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ**
2. **ഫോട്ടോഗ്രാഫ്**
3. **പത്രപ്പരസ്യം-ഫോം.നം.5- നോട്ടിഫിക്കേഷൻ**
4. **നോട്ടീസ്**
5. **പബ്ളിക്ഹിയറിംഗ്-ഹാജർ**
6. **ഗസറ്റ് നോട്ടിഫിക്കേഷൻ**

KERALA VHS
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

# സാമൂഹിക പ്രത്യാഘാത പഠനം
# നായരമ്പലം- ഹെർബർട്ട് പാലത്തിന്റെ അനുബന്ധ റോഡ് നിർമ്മാണം
# നായരമ്പലം വില്ലേജ്, കൊച്ചിൻ താലൂക്ക്, എറണാകുളം
# 0.0648 ഹെക്ടർ

## പഠന റിപ്പോർട്ട് - രത്ന ചുരുക്കം

### 1.1. ആമുഖം - പദ്ധതിയും പൊതു ആവശ്യവും

എറണാകുളം ജില്ലയിലെ വൈപ്പിൻ ദ്വീപിൽപ്പെട്ട നായരമ്പലം പഞ്ചായത്തിലെ നെടുങ്ങാട് ദ്വീപിനെ ദേശീയ പാത കടന്നുപോകുന്ന ഞാറക്കൽ, നായരമ്പലം പഞ്ചായത്തുകളുമായി ബന്ധിപ്പിക്കുന്ന വളരെ പുരാതനമായ ഒരു പാലമാണ് ഹെർബർട്ട് പാലം. കൊച്ചി രാജ്യത്തെ ദിവാനായിരുന്ന ഹെർബർട്ട് സായിപ്പ് നിർമ്മിച്ച നടപ്പാതപ്പാലത്തിന്റെ സ്ഥാനത്ത് പിൽക്കാലത്ത് ഭാരം കുറഞ്ഞ നാലുചക്ര വാഹനങ്ങളും കൃഷിക്ക് ആവശ്യമായ യന്ത്രങ്ങളും കൊണ്ടുപോകുന്നതിന് വീതികുറഞ്ഞ മേൽപ്പാലം നിർമ്മിക്കുകയും, കാലക്രമത്തിൽ അതിന്റെ അപ്രോച്ച് റോഡുകൾ വെള്ളപ്പൊക്കത്തിലും മണ്ണിന്റെ സ്വഭാവം കൊണ്ടു തകരുകയും, പുതിയ മേൽപ്പാലത്തിന് ഗവൺമെന്റ് അനുവാദം നൽകുകയും ചെയ്തു. നിലവിലുള്ള അപ്രോച്ച് റോഡുകളുടെ വീതികുറവും, സുരക്ഷിതത്വമില്ലായ്മയും, പുതിയ പാലം നിർമ്മിക്കുന്നതിനുള്ള വലിയ ഒരു തടസ്സമായി കണക്കാക്കുന്നു. അതുകൊണ്ട് തന്നെ അപ്രോച്ച് റോഡ് വീതിപ്പെടുത്തി പുതിയ പാലം നിർമ്മാണത്തിന് സഹായകരമായി രൂപപ്പെടുത്തുക എന്നതാണ് നായരമ്പലം ഹെർബർട്ട് പാലം അപ്രോച്ച് റോഡ് പദ്ധതി ലക്ഷ്യം വയ്ക്കുന്നത്.

ദേശീയ ജലപാത കടന്നുപോകുന്ന വീരൻ പുഴയ്ക്കും, (വേമ്പനാട് കായലിന്റെ ഉത്തര മുനമ്പം ഭാഗം) വല്ലവട്ടത്ത് നിന്നും എടവനക്കാട് അടിയിൽവരെ എത്തുന്ന നെടുങ്ങാട് പുഴയ്ക്കും ഇടയിൽ സ്ഥിതിചെയ്യുന്ന, നെടുങ്ങാട്, നായരമ്പലം പഞ്ചായത്തിന്റെ ഭാഗമായ ഒരു കാർഷിക പ്രധാന ദ്വീപാണ്. വിനോദ സഞ്ചാര സാധ്യത ഈ ദ്വീപിനെ കൂടുതൽ പ്രാധാന്യമുള്ളതാക്കി തീർക്കുകയുണ്ടായി. മത്സ്യകൃഷി, നെൽകൃഷി എന്നിവയിൽ ഈ ദ്വീപിന്റെ സംഭാവന എടുത്ത് പറയേണ്ടതാണ്. നെടുങ്ങാട് ദ്വീപിനെ ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന മറ്റ് ഗതാഗത സൗകര്യങ്ങൾ എടവനക്കാട് - അടിയിൽ നെടുങ്ങാട് പാലം, പള്ളിപ്പാലം - നെടുങ്ങാട് പാലം, എന്നീ ഭാരവണ്ടികൾ പോകുന്ന പാലവും, കടുങ്ങാശ്ശേരി, കടേക്കുരിശ് എന്ന ഓട്ടോറിക്ഷാ കടന്നുപോകുന്ന പാലവുമാണ്. എന്നാൽ ഉദ്ദേശം അഞ്ച് കിലോമീറ്റർ ദീർഘത്തിൽ വെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന നെടുങ്ങാട് പ്രദേശത്തിന് ഈ ഗതാഗത സൗകര്യങ്ങൾ മതിയാകില്ല. അതുകൊണ്ട് തന്നെ നെടുങ്ങാട് ദ്വീപിനെ ദേശീയ പാത ഞാറക്കൽ, ജംഗ്ഷനുമായി ബന്ധിപ്പിക്കുന്ന ഹെർബർട്ട് പാലത്തിന് വളരെ പ്രാധാന്യം ഉണ്ട്. കൂടാതെ നൂറ്റാണ്ടുകളുടെ പഴക്കമുള്ള ഹെർബർട്ട് പാലം, നായരമ്പലം പഞ്ചായത്തിലെ പുഴയാൽ വിഭജിക്കപ്പെട്ടതും എന്നാൽ സാമൂഹ്യ - സാംസ്കാരിക സ്വഭാവത്തിൽ ഒന്നായി നിൽക്കുന്നതുമായ ജനങ്ങളുടെ പരസ്പര സഹകരണത്തിന്റെ പ്രതീകമാണ്.

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

## 1.2. പദ്ധതി പ്രദേശം

എറണാകുളം ജില്ലയിലെ, കൊച്ചി താലൂക്കിൽ, നായരമ്പലം പഞ്ചായത്തിൽ നായരമ്പലം വില്ലേജിൽ ഉൾപ്പെടുന്ന ഹെർബർട്ട് പാലം വൈപ്പിൻ ദ്വീപിന്റെ പ്രധാന ഭാഗത്തേയും, നെടുങ്ങാട് ദ്വീപിനെയും പരസ്പരം ബന്ധിപ്പിക്കുന്ന നാല് ഗതാഗത മാർഗ്ഗങ്ങളിൽ ഒന്നും, പരമ്പരാഗത പാതകളിൽ ഏറ്റവും പ്രധാനപ്പെട്ടതുമാണ്. പൂർണ്ണമായും നെൽവയലുകളും, മത്സ്യകൃഷി മേഖലകളുമായി സ്ഥിതിചെയ്യുന്ന പദ്ധതിപ്രദേശം ജനവാസയോഗ്യമായ പുരയിട പ്രദേശങ്ങൾ കൊണ്ടും അനുഗ്രഹീതമാണ്. വേനലിൽ കടുത്ത ശുദ്ധജലക്ഷാമം നേരിടുന്ന നെടുങ്ങാട്, നായരമ്പലം പ്രദേശങ്ങൾ, ഈ പ്രശ്നങ്ങളെ അതിജീവിക്കുന്നതും ശരിയായ ഗതാഗത സൗകര്യങ്ങളെ പ്രയോജനപ്പെടുത്തിക്കൊണ്ടാണ്. വല്ലവട്ടത്ത് നിന്നും തുടങ്ങി, എടവനക്കാട് അടിയിൽ വരെ എത്തുന്ന നെടുങ്ങാട് പുഴയിലൂടെ ഒരുകാലത്ത് ജലഗതാഗതം ഉണ്ടായിരുന്നു. ഞാറക്കൽ പള്ളി ജെട്ടി, മഞ്ഞനക്കാട് ജെട്ടി എന്നിവ പ്രശസ്തമായിരുന്നു. എന്നാൽ ഉപരിതല ഗതാഗതം പ്രാധാന്യം കൈവരിച്ചതോടെയും ഈ ജലഗതാഗതം പൂർണ്ണമായും ഇല്ലാതായി. ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗം കൃഷി, മത്സ്യകൃഷി, മത്സ്യബന്ധനം എന്നിവയാണ്. വിനോദ സഞ്ചാര മേഖല വികാസംപ്രാപിച്ചു വരുന്ന മറ്റൊരു സാമ്പത്തിക മേഖലയാണ്. സ്ത്രീ- പുരുഷ അനുപാതം, സാക്ഷരത, ആരോഗ്യ സൂചകങ്ങൾ എന്നിവയിൽ സംസ്ഥാന ശരാശരിയേക്കാൾ മുന്നിട്ട് നിൽക്കുന്ന പ്രദേശമാണ് പദ്ധതി പ്രദേശം. വേനലിൽ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നതിനാൽ ജനസാന്ദ്രതയിൽ, നായരമ്പലം പഞ്ചായത്തിലെ മറ്റ് പ്രദേശങ്ങളേക്കാൾ കുറഞ്ഞാണ് നെടുങ്ങാട് പ്രദേശം. ക്രിസ്ത്യാനികളും ഹിന്ദുക്കളുമാണ് പ്രധാന മതവിഭാഗം. എന്നാൽ മുസ്ലീം ഭവനങ്ങളും ചെറിയ തോതിൽ കാണുവാൻ കഴിയും.

എറണാകുളം സൗത്ത്, എറണാകുളം നോർത്ത്, എറണാകുളം ടെർമിനൽ സ്റ്റേഷൻ എന്നിവയാണ് ഏറ്റവും അടുത്ത റെയിൽവേ സ്റ്റേഷനുകൾ. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം മുപ്പത്തിനാല് കിലോമീറ്റർ ദൂരെയാണ്. ജില്ലാ ആസ്ഥാനത്ത് നിന്നും ഇരുപത്തി അഞ്ച് കിലോമീറ്ററും. താലൂക്ക് ആസ്ഥാനത്ത് നിന്ന് ഏഴ് കിലോമീറ്ററും ആകലെയാണ് പദ്ധതിപ്രദേശം. ദേശീയപാത 66 നും, ദേശീയജലപാത 3 - നും ഇടയിൽ സ്ഥിതിചെയ്യുന്ന പദ്ധതിപ്രദേശം സാംസ്കാരികവും, ചരിത്രപരവുമായി പ്രാധാന്യമുള്ള സ്ഥലമാണ്.

## 1.3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും

### (എ). ഭൂമി ഏറ്റെടുക്കൽ അധികാരി

ജില്ലാ കളക്ടർ, എറണാകുളത്തിന് വേണ്ടി, ഡെപ്യൂട്ടി കളക്ടറിന്റെ (ഭൂമി ഏറ്റെടുക്കൽ വിഭാഗം) മേൽനോട്ടത്തിൽ സ്പെഷ്യൽ തഹസിൽദാർ, എൽ.എ. കിഫ്ബി എറണാകുളം ഓഫീസാണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ നിയന്ത്രിക്കുന്നത്. .

### (ബി). നടപ്പാക്കൽ ഏജൻസി

കെ.ആർ.എഫ്.ബി (കേരള റോഡ് ഫണ്ട് ബോർഡ്) സംസ്ഥാനത്തെ യാത്രാ സൗകര്യ പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി കേരള സർക്കാർ 2001 ൽ രൂപീകരിച്ച



KERALA VHS MULLANKUZHY KOTTAYAM-2 TEPO

ഫണ്ടിങ്ങ് ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് കേരളത്തിന്റെ പൊതുവായ അടിസ്ഥാന സൗകര്യ വികസനത്തിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. കേരള പി.ഡബ്ല്യു.ഡി യുടെ മൂലധന നിർവ്വഹണത്തിനായി തൊഴിൽപരവും നിയമാനുസൃതവുമായ ഒരു സംഘത്തിന്റെ ആവശ്യകതയാണ് കെ.ആർ.എഫ്.ബി യുടെ രൂപീകരണത്തിന് പിന്നിൽ ഉള്ളത്. ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ലാത്ത തുകയിൽ ശരിയായ പരിശോധന നടത്തി കണ്ടെത്തുകയും അവയെ സ്വരൂപിച്ച് റോഡിന്റെ വികസനത്തിനും സംരക്ഷണത്തിനും അതുമായി ബന്ധപ്പെട്ട മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്കുമായി വിനിയോഗിക്കുക എന്നതാണ് കെ,ആർ. എഫ്,ബി യുടെ പ്രധാന ചുമതല.

- സ്വകാര്യ പങ്കാളിത്ത സഹകരണത്തോടെ ബഡ്ജറ്റിൽ പരാമർശിക്കാത്ത തുക സംഭ രിക്കുന്ന കെ.ആർ.എഫ്.ബി യുടെ വികസന പരിപാടികളിൽ ചിലതാണ്.
- റോഡ് വികസനത്തിനുള്ള തുക ശരിയായ വിധത്തിൽ തന്നെ ഉപയോഗിക്കപ്പെടുന്നു എന്നും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്നു എന്നും പരിശോധിക്കുക,
- അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളിൽ പൊതു സ്വകാര്യ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുക.
- നൂതന റോഡ് പദ്ധതികളുടെ സാധ്യതാ പഠനം നടത്തുക.
- ആവശ്യ സ്ഥലങ്ങളിൽ പുതിയ റോഡുകൾ നിർമ്മിക്കുക.
- റോഡ് സുരക്ഷ പദ്ധതികൾ നടപ്പാക്കുകയും സുരക്ഷിതവും സുഗമവുമായ വാഹന ഗതാഗതം നടപ്പാക്കുവാൻ സംഘടിത പ്രചാരണം നടത്തുകയും ചെയ്യുക.
- റോഡ് പരിപാലന വികസനവുമായി ബന്ധപ്പെട്ട പഠനങ്ങൾക്കുള്ള ധനസഹായം.
- പി.ഡബ്ല്യു.ഡി പരിപാലിക്കുന്ന റോഡുകളുടെ നവീകരണമടക്കം ഇപ്പോൾ നിലവിലുള്ള റോഡ് ശൃംഖല സംവിധാനം വികസിപ്പിക്കുക.
- നടത്തിപ്പിനാവശ്യമുള്ള തുക കടം വാങ്ങി സ്വരൂപിക്കുക.

ശാസ്ത്രീയ പഠനത്തിലൂടെ കേരളത്തിലെ റോഡുകൾക്ക് ഫലവത്തായ മാർഗ്ഗങ്ങൾ കണ്ടെത്തി നടപ്പാക്കുവാൻ സഹായിക്കുന്ന ഒരു ഏജൻസിയാണ് തങ്ങളെന്ന് കെ.ആർ.എഫ്.ബി വിലയിരുത്തുന്നു. അതുപോലെ അപകട സാധ്യതാ സ്ഥലങ്ങളിൽ കൂടുതൽ ശക്തമായ മുൻകരുതലുകൾ എടുത്ത് വാഹനാപകടങ്ങളും അത്യാഹിതങ്ങളും കുറയ്ക്കുവാനും പൊതുജനങ്ങളുടെ സുരക്ഷ ഉറപ്പ് വരുത്തുവാനും വേണ്ടി പ്രവർത്തനങ്ങൾ നടത്തുന്നു. കേരളത്തിലെ ഗതാഗത വികസന പദ്ധതികളിൽ നിക്ഷേപം വർദ്ധിപ്പിക്കുന്നതിലൂടെ സുരക്ഷയാർന്ന റോഡുകൾ എന്ന ലക്ഷ്യത്തിലെത്തുക എന്ന വീക്ഷണത്തിൽ ഗതാഗത സൗകര്യ പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുന്ന ഫണ്ടിങ്ങ് ഏജൻസി എന്നുള്ള പ്രവർത്തനത്തോടൊപ്പം എല്ലാ യാത്രക്കാരേയും നല്ല യാത്രാ ശീലങ്ങൾ ആവർത്തിച്ച് പഠിപ്പിച്ച് റോഡിലെ സുരക്ഷിതത്വം കൂടുതൽ ഉയർത്തുവാൻ ശ്രമിക്കുകയും ചെയ്യും എന്ന ദൗത്യം നിർവഹിക്കുക എന്നതാണ് കെ.ആർ.എഫ്.ബി യുടെ മറ്റൊരു ചുമതല.

**(സി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.**

എറണാകുളം ജില്ലയിലെ, കൊച്ചി താലൂക്കിൽ, നായരമ്പലം പഞ്ചായത്തിൽ, നായരമ്പലം വില്ലേജിൽ ഉൾപ്പെടുന്ന ഹെർബർട്ട് പാലത്തിന്റെ ഇരുകരകളിലുമായി ഉള്ള 0.0648 ഹെക്ടർ സ്ഥലമാണ് പദ്ധതി ഭൂമി. നിലം, പുരയിടം എന്നീ രണ്ട് വിഭാഗത്തിൽപ്പെടുന്ന ഭൂമി, പദ്ധതി

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

ഭൂമിയിൽ ഉൾപ്പെടുന്നു. എട്ട് ഉടമസ്ഥരാണ് പദ്ധതി ഭൂമിയുടെ അവകാശികൾ, പദ്ധതി ഭൂമി നായരമ്പലം പഞ്ചായത്തിലെ അഞ്ച്, പത്ത് വാർഡുകളിൽ സ്ഥിതിചെയ്യുന്നു. പദ്ധതി ഭൂമിയിലെ നിലം ഭൂമി ചെമ്മീൻ വളർത്ത്, നെൽകൃഷി എന്നിവയ്ക്കും, കരഭൂമി താമസ്സ ഭൂമിയായും ഉപയോഗപ്പെടുത്തുന്നു. നാല് തെങ്ങും രണ്ട് പാഴ് മരങ്ങളും പദ്ധതി ഭൂമിയിൽ സ്ഥിതിചെയ്യുന്നു. പദ്ധതിക്കായി ഏറ്റെടുക്കുന്ന ഭൂമിയോട് തൊട്ട് ചേർന്ന് വർഷങ്ങളായി പ്രവർത്തിച്ച് വരുന്ന ഒരു ചായക്കട ഉണ്ട്. കുടികിടപ്പ് അവകാശത്തിൽ സ്ഥിതിചെയ്യുന്ന ഈ ചായക്കടയുടെ തുടർ നടത്തിപ്പ് പദ്ധതിയുടെ നടപ്പാക്കലോടെ ബുദ്ധിമുട്ടിലാകാൻ സാധ്യതയുണ്ട്. പദ്ധതി ഭൂമിയിൽ അതിർത്തി തിരിച്ച വേലിക്കല്ലുകൾ അല്ലാതെ മറ്റ് ചമയങ്ങൾ ഇല്ല.

### (ഡി). പദ്ധതി ബാധിതരുടെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക വിവരണം

എട്ട് ഭൂഉടമസ്ഥരും, പദ്ധതി ഭൂമിയോട് വളരെ അടുത്ത് ഭൂമിയോ, താമസ്സ ഭവനങ്ങളോ, കച്ചവട സ്ഥാപനങ്ങളോ ഉള്ളവരേയും ആണ് പദ്ധതി ബാധിതരായി പഠന റിപ്പോർട്ട് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ എട്ട് ഭൂഉടമസ്ഥർ മാത്രമാണ് പദ്ധതി നേരിട്ട് ബാധിക്കുന്ന പദ്ധതി ബാധിതർ. ഇവരിൽ ഒരു കുടുംബത്തിലെ അഞ്ച് പേരും, മറ്റ് മൂന്ന് കുടുംബത്തിലെ ഓരോരുത്തരും ഉൾപ്പെടുന്നു. ഭൂമി നഷ്ടപ്പെടുന്ന പദ്ധതി ബാധിതർ. എല്ലാവരും തന്നെ മധ്യവർഗ്ഗ സാമ്പത്തിക സ്ഥിതി ഉള്ളവരാണ്. എല്ലാവരും കഴിഞ്ഞ പതിനഞ്ച് വർഷത്തിന് മുകളിലായി പദ്ധതി ഭൂമി കൈവശംവച്ച് അനുഭവിച്ച് വരുന്നവരാണ്. നേരിട്ട് ഭൂമി നഷ്ടം സംഭവിക്കുന്ന പദ്ധതി ബാധിതർ എല്ലാം മധ്യവർഗ്ഗ സാമ്പത്തിക സ്ഥിതി ഉള്ളവരും. കൃത്യമായ വരുമാന മാർഗ്ഗമുള്ളവരുമാണ്. ഒരു കുടുംബത്തിലെ അഞ്ച് പേർ പദ്ധതി ബാധിതരായി ഉണ്ടെങ്കിലും അവരുടെ ഭൂമി സംബന്ധമായി കൃത്യമായ പോക്ക് വരവുകളും, നടപടിക്രമങ്ങളും പൂർത്തീകരിച്ചതാണ്. പദ്ധതി ബാധിതർക്ക് എല്ലാം ബാധിക്കപ്പെടുന്ന ഭൂമി കൂടാതെ ഭൂ സ്വത്തുക്കൾ ഉള്ളവരാണ്. ഭൂമി നഷ്ടപ്പെടുന്ന എല്ലാവർക്കും പദ്ധതിയുടെ വികസന നേട്ടങ്ങൾ ലഭ്യമാവുന്നുണ്ട്. വിദ്യാഭ്യാസ നിലവാരം സൂചിപ്പിക്കുന്നത് എല്ലാ. പദ്ധതി ബാധിതരും പത്താംതരത്തിന് മുകളിൽ വിദ്യാഭ്യാസമുള്ളവരും, സാമ്പത്തിക വിശകലനം സൂചിപ്പിക്കുന്നത് എല്ലാവരും ദാരിദ്ര രേഖയ്ക്ക് മുകളിൽ ഉള്ളവരും ആണ് എന്നാണ്. ഭൂമി നഷ്ടപ്പെടുന്ന പദ്ധതിബാധിതരിൽ ഏഴ്പേർ ക്രിസ്ത്യാനികളും, ഒരാൾ ഹിന്ദുമത വിശ്വാസിയുമാണ്.

### 1.4. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർദ്ദേശങ്ങൾ

പദ്ധതി ഇപ്പോഴുള്ള ഹെർബർട്ട് പാലത്തിന്റെ അപ്രോച്ച് റോഡിന്റെ ശക്തിപ്പെടുത്തലാണ് ലക്ഷ്യം വയ്ക്കുന്നത്. അതുകൊണ്ട് തന്നെ പ്രസ്തുത പദ്ധതിക്ക് ബദൽ നിർദ്ദേശങ്ങൾ ലഭ്യ മായിട്ടില്ല.

### 1.5. സാമൂഹിക പ്രത്യാഘാതം

എട്ട് ഭൂ ഉടമസ്ഥരുടെ ഭൂമി നഷ്ടപ്പെടുന്നു എന്നുള്ളതാണ് പദ്ധതിയുടെ നേരിട്ടുള്ള പ്രത്യാഘാതം. കൂടാതെ പദ്ധതിയോട് വളരെ അടുത്ത് പ്രവർത്തിച്ച് വരുന്ന വർഷങ്ങൾ

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

പഴക്കമുള്ള ഒരു ചായക്കടയിലേക്കുള്ള പ്രവേശന മാർഗ്ഗവും തടസ്സപ്പെടാൻ സാധ്യത ഉണ്ട്. എന്നാൽ ഹെർബർട്ട് പാലത്തിന്റെ അപ്രോച്ച് റോഡ് വികസിക്കുന്നതോടെയും പാലം പുനർനിർമ്മിക്കുന്നതിലൂടെയും അധികമായി ഉണ്ടാവുന്ന വാഹനഗതാഗതം പദ്ധതി പ്രദേശത്തിന്റെ സാമൂഹ്യസാമ്പത്തിക പുരോഗതിക്ക് വലിയ സഹായകരമാണ്. അതുകൊണ്ട് തന്നെ പദ്ധതി മൂലം ഉണ്ടാവുന്ന ഭൂമി വിലയിലെ വർദ്ധന, വ്യവസായ പ്രാധാന്യം എന്നിവ എല്ലാ പദ്ധതി ബാധിതർക്കും ലഭ്യമാവുന്നു എന്നതും പദ്ധതിയുടെ പ്രത്യേകതയാണ്. എന്നാൽ നെടുങ്ങട് കപ്പേള ജംഷനിൽ നിന്നും പദ്ധതി ഭൂമി വരെയുള്ള റോഡും, ഞാറക്കൽ ജംഷനിൽ നിന്നും പദ്ധതി ഭൂമി വരെയുള്ള റോഡും വികസിപ്പിച്ചാൽ മാത്രമേ പദ്ധതിയുടെ പൂർണ്ണ പ്രയോജനം പദ്ധതിപ്രദേശത്തിന് ലഭ്യമാവുകയുള്ളു.

### 1.6. പ്രത്യാഘാത ലഘൂകരണ നടപടികൾ

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | സമീപനം | സാധ്യമായ ലഘൂകരണ നടപടികൾ |
|---|---|---|---|
| 1 | ഭൂമിയുടെ ഭാഗിക നഷ്ടം | നഷ്ടപരിഹാരം | നഷ്ട പരിഹാരം നൽകുക |
| 2 | കൃഷി ഭൂമിയുടെ നഷ്ടം | നഷ്ട പരിഹാരം | നഷ്ട പരിഹാരം നൽകുക |
| 3 | മരങ്ങളുടെ നഷ്ടം | നഷ്ട പരിഹാരവും നിയന്ത്രണവും | മതിയായ നഷ്ട പരിഹാരം നൽകുകയും നഷ്ടപ്പെടുന്നതിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമിയിലോ, സ്വകാര്യ ഭൂമിയിലോ നട്ടു വളർത്താൻ നടപടി സ്വീകരിക്കുക. |
| 4 | പദ്ധതി ബാധിതരെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളിൽ ഉൾപ്പെടുത്തുക. | നിയന്ത്രണം | നടപടി ക്രമങ്ങളിൽ പദ്ധതി ബാധിതരുടെ പങ്കാളിത്തം ഉറപ്പു വരുത്തുക. |
| 5 | പരാതി പരിഹാരം | നിയന്ത്രണം | പ്രവർത്തന നിരതമായ പരാതി പരിഹാര കമ്മറ്റി ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും പ്രവർത്തിക്കുക. |

### 1.7.. പ്രത്യാഘാത ലഘൂകരണ മാർഗ്ഗം- വിശദാംശങ്ങൾ

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | പോസിറ്റീവ് / നെഗറ്റീവ് | സാധ്യതാ നിലവാരം | പ്രത്യാഘാത തീവ്രത | പ്രത്യാഘാതം - ലഘൂകരണത്തിന് മുമ്പ് | പ്രത്യാഘാതം - ലഘൂകരണത്തിന് ശേഷം | സാധ്യമായ ലഘൂകരണ നടപടികൾ |
|---|---|---|---|---|---|---|---|
| 1 | ഭൂമിയുടെ ഭാഗിക നഷ്ടം | നെഗറ്റീവ് | സാധ്യമാണ് | മധ്യമം | മധ്യമം | കുറഞ്ഞ | നഷ്ട പരിഹാരം നൽകുക |



KERALA V H S * MULLANKUZHY * KOTTAYAM-2 COLLECTORATE P.O.

| | | | | | | | |
|---|---|---|---|---|---|---|---|
| 2. | കൃഷി ഭൂമിയുടെ നഷ്ടം | നെഗറ്റീവ് | സാധ്യ മാണ് | മധ്യമം | മധ്യമം | കുറഞ്ഞ | നഷ്ട പരി ഹാരം നൽകുക |
| 3 | മരങ്ങളുടെ നഷ്ടം | നെഗറ്റീവ് | സാധ്യ മാണ് | കുറഞ്ഞ | ലഘു വായ | കുറഞ്ഞ | മതിയായ നഷ്ട പരി ഹാരം നൽകു കയും നഷ്ട പ്പെടുന്നതിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമി യിലോ, സ്വകാര്യ ഭൂമി യിലോ നട്ടു വളർത്താൻ നടപടി സ്വീക രിക്കുക. |
| 4 | പദ്ധതി ബാധി തരെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങ ളിൽ ഉൾപ്പെടു ത്തുക. | പോസി റ്റീവ് | സാധ്യ മാണ് | കുറഞ്ഞ | ലഘു വായ | മധ്യമം | നടപടി ക്രമങ്ങ ളിൽ പദ്ധതി ബാധിതരുടെ പങ്കാളിത്തം ഉറപ്പു വരു ത്തുക. |
| 5 | പരാതി പരി ഹാരം | നെഗറ്റീവ് | സാധ്യ മാണ് | വളരെ ഉയർന്ന | മധ്യമം | മധ്യമം | പ്രവർത്തന നിരതമായ പരാതി പരി ഹാര കമ്മറ്റി ജില്ലാ തല ത്തിലും പഞ്ചാ യത്ത് തല ത്തിലും പ്രവർത്തിക്കു ക. |

### 1.8. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ

പദ്ധതിയുടെ സാമൂഹ്യ - സാമ്പത്തിക പ്രയോജനം എല്ലാ പദ്ധതി ബാധിതർക്കും ലഭ്യമാവുന്നു എന്നതു കൊണ്ടും, പദ്ധതി ബാധിതരിൽ ആരും പദ്ധതിപ്രദേശത്ത് നിന്നും കുടിയിറക്കപ്പെടുന്നില്ല എന്നതു കൊണ്ടും പദ്ധതിയുടെ പ്രത്യാഘാതം ലഘൂകരം എന്ന് കണക്കാക്കാവുന്നതാണ്. ന്യായമായ നഷ്ടപരിഹാരത്തിലൂടെ പ്രത്യാഘാതം വീണ്ടും കുറയ്ക്കുവാനും പദ്ധതിയുടെ പൊതുതാത്പര്യം വർദ്ധിപ്പിക്കുവാനും സാധ്യമാണ്. ചരിത്ര പ്രാധാന്യം ഉള്ള ഒരു ഗതാഗത ഇടനാഴി വികസിപ്പിക്കുന്നത് വിനോദ സഞ്ചാരം, പാരമ്പര്യ തൊഴിൽ മേഖലയായ കൃഷി, മത്സ്യബന്ധനം എന്നിവയുടെ പുരോഗതി എന്നിവയ്ക്ക്

സഹായകരമാണ്. നെടുങ്ങാട് തെക്ക് ഭാഗത്തുള്ളവർക്ക് ദേശീയ പാതയിലേക്ക് എത്തുന്നതിനുള്ള ദൂരം 2 മുതൽ 3 കിലോ മീറ്റർ വരെ കുറയുവാനും പദ്ധതി സഹായിക്കും. ഏറ്റെടുക്കുന്ന ഭൂമിക്കും, വലിയവട്ടം ഐലന്റ് ജംഗ്ഷനും ഇടയിൽ റോഡ് വികസിപ്പിക്കുന്നില്ല. അതുകൊണ്ട് തന്നെ പദ്ധതിയുടെ പൂർത്തീകരണത്തിന് ശേഷം വീതി കൂടിയ അപ്രോച്ച് റോഡിൽ നിന്നും, വീതി കുറഞ്ഞ റോഡ് ഭാഗത്തേക്ക് ഉണ്ടാവുന്ന വാഹനങ്ങളുടെ സഞ്ചാരം, ആ പ്രദേശങ്ങളിൽ ഉള്ള താമസഭവനങ്ങൾക്ക് അപകടങ്ങൾ ഉണ്ടാവാത്ത വിധം മുൻകരുതലുകൾ രൂപപ്പെടുത്തുന്നത് പ്രത്യാഘാത ലഘൂകരണമായി കണക്കാക്കാവുന്നതാണ്.

പഠന സമയത്ത് പദ്ധതി ബാധിതരും, പ്രദേശവാസികളും, ജനപ്രതിനിധികളും പദ്ധതിയുടെ പൊതുതാത്പര്യം സൂചിപ്പിക്കയുണ്ടായി. കൂടാതെ പദ്ധതിയുടെ ലക്ഷ്യത്തിന് സഹായകരമായ ബദൽ നിർദ്ദേശങ്ങളും ആരും നിർദ്ദേശിക്കുക ഉണ്ടായില്ല.

മേൽപ്പറഞ്ഞകാര്യങ്ങൾ സൂചിപ്പിക്കുന്നത് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനരധിവാസത്തിനും പുനസ്ഥാപനത്തിനും ഉള്ള അവകാശ നിയമം 2013 (30-2013) സെക്ഷൻ 2(1)(ബി)(iii) പ്രകാരം പൊതു താൽപര്യ പദ്ധതിയായി കണക്കാക്കാവുന്നതും ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളുമായി മുന്നോട്ടു പോകാവുന്നതും ആണ്.

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

## അദ്ധ്യായം 2
## പദ്ധതി വിശദീകരണം

### 2.1. പശ്ചാത്തലവും ഭരണ നിർവ്വഹണ ഏജൻസികളുടെ വിശദാംശങ്ങളും

എറണാകുളം ജില്ലയിലെ വൈപ്പിൻ ദ്വീപിൽപ്പെട്ട നായരമ്പലം പഞ്ചായത്തിലെ നെടുങ്ങാട് ദ്വീപിനെ ദേശീയ പാത കടന്നുപോകുന്ന ഞാറക്കൽ, നായരമ്പലം പഞ്ചായത്തുകളുമായി ബന്ധിപ്പിക്കുന്ന വളരെ പുരാതനമായ ഒരു പാലമാണ് ഹെർബർട്ട് പാലം. കൊച്ചി രാജ്യത്തെ ദിവാനായിരുന്ന ഹെർബർട്ട് സായിപ്പ് നിർമ്മിച്ച നടപ്പാതപ്പാലത്തിന്റെ സ്ഥാനത്ത് പിൽക്കാലത്ത് ഭാരം കുറഞ്ഞ നാലുചക്ര വാഹനങ്ങളും കൃഷിക്ക് ആവശ്യമായ യന്ത്രങ്ങളും കൊണ്ടുപോകുന്നതിന് വീതികുറഞ്ഞ മേൽപ്പാലം നിർമ്മിക്കുകയും, കാലക്രമത്തിൽ അതിന്റെ അപ്രോച്ച് റോഡുകൾ വെള്ളപ്പൊക്കത്തിലും മണ്ണിന്റെ സ്വഭാവം കൊണ്ടു തകരുകയും, പുതിയ മേൽപ്പാലത്തിന് ഗവൺമെന്റ് അനുവാദം നൽകുകയും ചെയ്തു. നിലവിലുള്ള അപ്രോച്ച് റോഡുകളുടെ വീതികുറവും, സുരക്ഷിതത്വമില്ലായ്മയും, പുതിയ പാലം നിർമ്മിക്കുന്നതിനുള്ള വലിയ ഒരു തടസ്സമായി കണക്കാക്കുന്നു. അതുകൊണ്ട് തന്നെ അപ്രോച്ച് റോഡ് വീതിപ്പെടുത്തി പുതിയ പാലം നിർമ്മാണത്തിന് സഹായകരമായി രൂപപ്പെടുത്തുക എന്നതാണ് നായരമ്പലം ഹെർബർട്ട് പാലം അപ്രോച്ച് റോഡ് പദ്ധതി ലക്ഷ്യം വയ്ക്കുന്നത്.

ദേശീയ ജലപാത കടന്നുപോകുന്ന വീരൻ പുഴക്കും, (വേമ്പനാട് കായലിന്റെ ഉത്തര മുനമ്പം ഭാഗം) വല്ലവട്ടത്ത് നിന്നും എടവനക്കാട് അടിയിൽവരെ എത്തുന്ന നെടുങ്ങാട് പുഴയ്ക്കും ഇടയിൽ സ്ഥിതിചെയ്യുന്ന, നെടുങ്ങാട്, നായരമ്പലം പഞ്ചായത്തിന്റെ ഭാഗമായ ഒരു കാർഷിക പ്രധാന ദ്വീപാണ്. വിനോദ സഞ്ചാര സാധ്യത ഈ ദ്വീപിനെ കൂടുതൽ പ്രാധാന്യമുള്ളതാക്കി തീർക്കുകയുണ്ടായി. മത്സ്യകൃഷി, നെൽകൃഷി എന്നിവയിൽ ഈ ദ്വീപിന്റെ സംഭാവന എടുത്ത് പറയേണ്ടതാണ്. നെടുങ്ങാട് ദ്വീപിനെ ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന മറ്റ് ഗതാഗത സൗകര്യങ്ങൾ എടവനക്കാട് - അടിയിൽ നെടുങ്ങാട് പാലം, പള്ളിപ്പാലം - നെടുങ്ങാട് പാലം, എന്നീ ഭാരവണ്ടികൾ പോകുന്ന പാലവും, കടുങ്ങാശ്ശേരി, കടേക്കുരിശ് എന്ന ഓട്ടോറിക്ഷാ കടന്നുപോകുന്ന പാലവുമാണ്. എന്നാൽ ഉദ്ദേശം അഞ്ച് കിലോമീറ്റർ ദീർഘത്തിൽ വെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന നെടുങ്ങാട് പ്രദേശത്തിന് ഈ ഗതാഗത സൗകര്യങ്ങൾ മതിയാകില്ല. അതുകൊണ്ട് തന്നെ നെടുങ്ങാട് ദ്വീപിനെ ദേശീയ പാത ഞാറക്കൽ, ജംഗ്ഷനുമായി ബന്ധിപ്പിക്കുന്ന ഹെർബർട്ട് പാലത്തിന് വളരെ പ്രാധാന്യം ഉണ്ട്. കൂടാതെ നൂറ്റാണ്ടുകളുടെ പഴക്കമുള്ള ഹെർബർട്ട് പാലം, നായരമ്പലം പഞ്ചായത്തിലെ പുഴയാൽ വിഭജിക്കപ്പെട്ടതും എന്നാൽ സാമൂഹ്യ - സാംസ്കാരിക സ്വഭാവത്തിൽ ഒന്നായി നിൽക്കുന്നതുമായ ജനങ്ങളുടെ പരസ്പര സഹകരണത്തിന്റെ പ്രതീകമാണ്.

#### 2.1.1. റിക്വസിഷൻ അധികാരി

**2.1.1. (എ). കെ.ആർ.എഫ്.ബി (കേരള റോഡ് ഫണ്ട് ബോർഡ്)**

സംസ്ഥാനത്തെ യാത്രാ സൗകര്യ പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി കേരള സർക്കാർ 2001 ൽ രൂപീകരിച്ച ഫണ്ടിങ്ങ് ഏജൻസിയായ കേരള റോഡ് ഫണ്ട്

KERALA VHS ★ MULLANKUZHY ★ KOTTAYAM-2 COLLECTORATE P.O.

ബോർഡ് കേരളത്തിന്റെ പൊതുവായ അടിസ്ഥാന സൗകര്യ വികസനത്തിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു. കേരള പി.ഡബ്ള്യു.ഡി യുടെ മൂലധന നിർവ്വഹണത്തിനായി തൊഴിൽപരവും നിയമാനുസൃതവുമായ ഒരു സംഘത്തിന്റെ ആവശ്യകതയാണ് കെ.ആർ.എഫ്.ബി യുടെ രൂപീകരണത്തിന് പിന്നിൽ ഉള്ളത്. ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ലാത്ത തുകയിൽ ശരിയായ പരിശോധന നടത്തി കണ്ടെത്തുകയും അവയെ സ്വരൂപിച്ച് റോഡിന്റെ വികസനത്തിനും സംരക്ഷണത്തിനും അതുമായി ബന്ധപ്പെട്ട മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്കുമായി വിനിയോഗിക്കുക എന്നതാണ് കെ,ആർ.എഫ്,ബി യുടെ പ്രധാന ചുമതല.

- സ്വകാര്യ പങ്കാളിത്ത സഹകരണത്തോടെ ബഡ്ജറ്റിൽ പരാമർശിക്കാത്ത തുക സംഭരിക്കുന്ന കെ.ആർ.എഫ്.ബി യുടെ വികസന പരിപാടികളിൽ ചിലതാണ്.
- റോഡ് വികസനത്തിനുള്ള തുക ശരിയായ വിധത്തിൽ തന്നെ ഉപയോഗിക്കപ്പെടുന്നു എന്നും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്നു എന്നും പരിശോധിക്കുക,
- അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളിൽ പൊതു സ്വകാര്യ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുക.
- നൂതന റോഡ് പദ്ധതികളുടെ സാധ്യതാ പഠനം നടത്തുക.
- ആവശ്യ സ്ഥലങ്ങളിൽ പുതിയ റോഡുകൾ നിർമ്മിക്കുക.
- റോഡ് സുരക്ഷ പദ്ധതികൾ നടപ്പാക്കുകയും സുരക്ഷിതവും സുഗമവുമായ വാഹന ഗതാഗതം നടപ്പാക്കുവാൻ സംഘടിത പ്രചാരണം നടത്തുകയും ചെയ്യുക.
- റോഡ് പരിപാലന വികസനവുമായി ബന്ധപ്പെട്ട പഠനങ്ങൾക്കുള്ള ധനസഹായം.
- പി.ഡബ്ല്യു.ഡി പരിപാലിക്കുന്ന റോഡുകളുടെ നവീകരണമടക്കം ഇപ്പോൾ നിലവിലുള്ള റോഡ് നെറ്റ് വർക്ക് സിസ്റ്റം വികസിപ്പിക്കുക.
- നടത്തിപ്പിനാവശ്യമുള്ള തുക കടം വാങ്ങി സ്വരൂപിക്കുക.

ശാസ്ത്രീയ പഠനത്തിലൂടെ കേരളത്തിലെ റോഡുകൾക്ക് ഫലവത്തായ മാർഗ്ഗങ്ങൾ കണ്ടെത്തി നടപ്പാക്കുവാൻ സഹായിക്കുന്ന ഒരു ഏജൻസിയാണ് തങ്ങളെന്ന് കെ.ആർ.എഫ്.ബി വിലയിരുത്തുന്നു. അതുപോലെ അപകട സാധ്യതാ സ്ഥലങ്ങളിൽ കൂടുതൽ ശക്തമായ മുൻകരുതലുകൾ എടുത്ത് വാഹനാപകടങ്ങളും അത്യാഹിതങ്ങളും കുറയ്ക്കുവാനും പൊതുജനങ്ങളുടെ സുരക്ഷ ഉറപ്പ് വരുത്തുവാനും വേണ്ട പ്രവർത്തനങ്ങൾ നടത്തുന്നു. കേരളത്തിലെ ഗതാഗത വികസന പദ്ധതികളിൽ നിക്ഷേപം വർദ്ധിപ്പിക്കുന്നതിലൂടെ സുരക്ഷയാർന്ന റോഡുകൾ എന്ന ലക്ഷ്യത്തിലെത്തുക എന്ന വീക്ഷണത്തിൽ ഗതാഗത സൗകര്യ പദ്ധതികൾക്ക് സാമ്പത്തിക സഹായം നൽകുന്ന ഫണ്ടിങ്ങ് ഏജൻസി എന്നുള്ള പ്രവർത്തനത്തോടൊപ്പം എല്ലാ യാത്രക്കാരേയും നല്ല യാത്രാ ശീലങ്ങൾ ആവർത്തിച്ച് പഠിപ്പിച്ച് റോഡിലെ സുരക്ഷിതത്വം കൂടുതൽ ഉയർത്തുവാൻ ശ്രമിക്കുകയും ചെയ്യും എന്ന ദൗത്യം നിർവഹിക്കുക എന്നതാണ് കെ.ആർ.എഫ്.ബി യുടെ മറ്റൊരു പ്രധാന ചുമതല.

### 2.1.2. ഭൂമി ഏറ്റെടുക്കൽ - കാര്യ നിർവ്വഹണ വിഭാഗം

ജില്ലാ കളക്ടർ, എറണാകുളത്തിന് വേണ്ടി, ഡെപ്യൂട്ടി കളക്ടറിന്റെ (ഭൂമി ഏറ്റെടുക്കൽ വിഭാഗം) മേൽനോട്ടത്തിൽ സ്പെഷ്യൽ തഹസിൽദാർ, എൽ.എ. കിഫ്ബി എറണാകുളം ഓഫീസാണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ നിയന്ത്രിക്കുന്നത്. .

KERALA V.H.S. MULLANKUZHY KOTTAYAM-2 COLLECTORATE P.O.

### 2.2. പദ്ധതിയുടെ പൊതു ആവശ്യ പ്രസക്തി

എറണാകുളം ജില്ലയിലെ വൈപ്പിൻ ദ്വീപിൽപ്പെട്ട നായരമ്പലം പഞ്ചായത്തിലെ നെടുങ്ങാട് ദ്വീപിനെ ദേശീയ പാത കടന്നുപോകുന്ന ഞാറക്കൽ, നായരമ്പലം പഞ്ചായത്തുകളുമായി ബന്ധിപ്പിക്കുന്ന വളരെ പുരാതനമായ ഒരു പാലമാണ് ഹെർബർട്ട് പാലം. കൊച്ചി രാജ്യത്തെ ദിവാനായിരുന്ന ഹെർബർട്ട് സായിപ്പ് നിർമ്മിച്ച നടപ്പാതപ്പാലത്തിന്റെ സ്ഥാനത്ത് പിൽക്കാലത്ത് ഭാരം കുറഞ്ഞ നാലുചക്ര വാഹനങ്ങളും കൃഷിക്ക് ആവശ്യമായ യന്ത്രങ്ങളും കൊണ്ടുപോകുന്നതിന് വീതികുറഞ്ഞ മേൽപ്പാലം നിർമ്മിക്കുകയും, കാലക്രമത്തിൽ അതിന്റെ അപ്രോച്ച് റോഡുകൾ വെള്ളപ്പൊക്കത്തിലും മണ്ണിന്റെ സ്വഭാവം കൊണ്ടു തകരുകയും, പുതിയ മേൽപ്പാലത്തിന് ഗവൺമെന്റ് അനുവാദം നൽകുകയും ചെയ്തു. നിലവിലുള്ള അപ്രോച്ച് റോഡുകളുടെ വീതികുറവും, സുരക്ഷിതത്വമില്ലായ്മയും, പുതിയ പാലം നിർമ്മിക്കുന്നതിനുള്ള വലിയ ഒരു തടസ്സമായി കണക്കാക്കുന്നു. അതുകൊണ്ട് തന്നെ അപ്രോച്ച് റോഡ് വീതിപ്പെടുത്തി പുതിയ പാലം നിർമ്മാണത്തിന് സഹായകരമായി രൂപപ്പെടുത്തുക എന്നതാണ് നായരമ്പലം ഹെർബർട്ട് പാലം അപ്രോച്ച് റോഡ് പദ്ധതി ലക്ഷ്യം വയ്ക്കുന്നത്.

### 2.3. പദ്ധതിയുടെ സ്വഭാവം, ഘടന, പ്രദേശം, ലക്ഷ്യം, ചിലവ്, പ്രാപ്തി, നഷ്ടം എന്നിവ

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | എണ്ണം |
|---|---|---|
| 1 | ഭൂമി ഭാഗിക നഷ്ടം | 8 |
| 2 | താമസഭവനങ്ങളുടെ നഷ്ടം | 1 |
| 4 | മരങ്ങളുടെ നഷ്ടം | 10 |
| 5 | ചമയങ്ങളുടെ നഷ്ടം | 0 |

#### 2.3.1. പദ്ധതി പ്രദേശം

എറണാകുളം ജില്ലയിലെ, കൊച്ചി താലൂക്കിൽ, നായരമ്പലം പഞ്ചായത്തിൽ നായരമ്പലം വില്ലേജിൽ ഉൾപ്പെടുന്ന ഹെർബർട്ട് പാലം വൈപ്പിൻ ദ്വീപിന്റെ പ്രധാന ഭാഗത്തേയും, നെടുങ്ങാട് ദ്വീപിനെയും പരസ്പരം ബന്ധിപ്പിക്കുന്ന നാല് ഗതാഗത മാർഗ്ഗങ്ങളിൽ ഒന്നും, പരമ്പരാഗത പാതകളിൽ ഏറ്റവും പ്രധാനപ്പെട്ടതുമാണ്. പൂർണ്ണമായും നെൽവയലുകളും, മത്സ്യകൃഷി മേഖലകളുമായി സ്ഥിതിചെയ്യുന്ന പദ്ധതിപ്രദേശം ജനവാസയോഗ്യമായ പുരയിട പ്രദേശങ്ങൾ കൊണ്ടും അനുഗ്രഹീതമാണ്. വേനലിൽ കടുത്ത ശുദ്ധജലക്ഷാമം നേരിടുന്ന നെടുങ്ങാട്, നായരമ്പലം പ്രദേശങ്ങൾ, ഈ പ്രശ്നങ്ങളെ അതിജീവിക്കുന്നതും ശരിയായ ഗതാഗത സൗകര്യങ്ങളെ പ്രയോജനപ്പെടുത്തിക്കൊണ്ടാണ്. വല്ലവട്ടത്ത് നിന്നും തുടങ്ങി, എടവനക്കാട് അടിയിൽ വരെ എത്തുന്ന നെടുങ്ങാട് പുഴയിലൂടെ ഒരുകാലത്ത് ജലഗതാഗതം ഉണ്ടായിരുന്നു. ഞാറക്കൽ പള്ളി ജെട്ടി, മഞ്ഞനക്കാട് ജെട്ടി എന്നിവ പ്രശസ്തമായിരുന്നു. എന്നാൽ ഉപരിതല ഗതാഗതം പ്രാധാന്യം കൈവരിച്ചതോടെയും ഈ ജലഗതാഗതം പൂർണ്ണമായും ഇല്ലാതായി. ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗം കൃഷി, മത്സ്യകൃഷി, മത്സ്യബന്ധനം എന്നിവയാണ്. വിനോദ സഞ്ചാര മേഖല വികാസംപ്രാപിച്ചു വരുന്ന മറ്റൊരു സാമ്പത്തിക മേഖലയാണ്. സ്ത്രീ- പുരുഷ അനുപാതം, സാക്ഷരത,

KERALA VHS MULLANKUZHY KOTTAYAM-2 P.O.

ആരോഗ്യ സൂചകങ്ങൾ എന്നിവയിൽ സംസ്ഥാന ശരാശരിയേക്കാൾ മുന്നിട്ട് നിൽക്കുന്ന പ്രദേശമാണ് പദ്ധതി പ്രദേശം. വേനലിൽ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നതിനാൽ ജനസാന്ദ്രതയിൽ, നായരമ്പലം പഞ്ചായത്തിലെ മറ്റ് പ്രദേശങ്ങളേക്കാൾ കുറഞ്ഞാണ് നെടുങ്ങാട് പ്രദേശം. ക്രിസ്ത്യാനികളും ഹിന്ദുക്കളുമാണ് പ്രധാന മതവിഭാഗം. എന്നാൽ മുസ്ലീം ഭവനങ്ങളും ചെറിയ തോതിൽ കാണുവാൻ കഴിയും.

എറണാകുളം സൗത്ത്, എറണാകുളം നോർത്ത്, എറണാകുളം ടെർമിനൽ സ്റ്റേഷൻ എന്നിവയാണ് ഏറ്റവും അടുത്ത റെയിൽവേ സ്റ്റേഷനുകൾ. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം മുപ്പത്തിനാല് കിലോമീറ്റർ ദൂരെയാണ്. ജില്ലാ ആസ്ഥാനത്ത് നിന്നും ഇരുപത്തി അഞ്ച് കിലോമീറ്ററും. താലൂക്ക് ആസ്ഥാനത്ത് നിന്ന് ഏഴ് കിലോമീറ്ററും ആകലെയാണ് പദ്ധതിപ്രദേശം. ദേശീയപാത 66 നും, ദേശീയജലപാത 3 - നും ഇടയിൽ സ്ഥിതിചെയ്യുന്ന പദ്ധതിപ്രദേശം സാംസ്കാരികവും, ചരിത്രപരവുമായി പ്രാധാന്യമുള്ള സ്ഥലമാണ്.

### 2.4. പദ്ധതിനിർവ്വഹണ ഘട്ടം

പദ്ധതി സംബന്ധമായി ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുകയും ഭൂമിയുടെ രൂപ രേഖ തയ്യാറാക്കുകയും അതിർത്തികല്ലുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

### 2.5. പദ്ധതി രൂപരേഖയുടെ വിശദാംശങ്ങൾ

ബാധകമല്ല

### 2.6. പദ്ധതിക്ക് സഹായകരമായ മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

ബാധകമല്ല

### 2.7. ആവശ്യമായ തൊഴിലാളികളുടെ (സ്ഥിരം/ താൽക്കാലികം) ആവശ്യകത

ബാധകമല്ല

### 2.8. സാമൂഹിക പ്രത്യാഘാത പഠനമോ, പരിസ്ഥിതി ആഘാത പഠനമോ മറ്റ് സാധ്യതാ പഠനങ്ങളോ നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ

ബാധകമല്ല.

KERALA V H S
MULLANKUZHY
KOTTAYAM-2
COLLECTORATE P.O.

2.9. പദ്ധതിയെ ബാധിക്കുന്ന നിയമങ്ങളും നയങ്ങളും

| ക്രമ നം. | നിയമവും നയങ്ങളും | ബാധിക്കുന്ന മേഖല |
|---|---|---|
| 1. | ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമവും ചട്ടങ്ങളും 2013 | പ്രത്യാഘാത ലഘൂകരണം |
| 2. | ഭൂമി ഏറ്റെടുക്കൽ നിയമം 1893<br>ഭൂമി ഏറ്റെടുക്കൽ നിയമം (കേരളാ ചട്ടങ്ങൾ 1990)<br>ഭൂമി ഏറ്റെടുക്കൽ നിയമം 1961<br>ഭൂമി ഏറ്റെടുക്കൽ നിയമം<br>ചട്ടങ്ങൾ<br>ഗവൺമെന്റിന്റെ പുനരധിവാസ പുനസ്ഥാപന നയം | ഭൂമി ഏറ്റെടുക്കൽ<br>പുനരധിവാസവും പുനസ്ഥാപനവും |
| 3 | കേരള തണ്ണീർത്തട സംരക്ഷണ നിയമം | തണ്ണീർത്തടങ്ങൾ വികസന കാര്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച് |

KERALA V H S ★ MULLANKUZHY ★ KOTTAYAM-2 COLLECTORATE P.O.

## അദ്ധ്യായം 3

## സാമൂഹിക പ്രത്യാഘാത പഠനം - സമീപനവും രീതി ശാസ്ത്രവും

### 3.1. പശ്ചാത്തലം

സി2-6137/20/ഡി.സി,ഇ.കെ.എം, തീയതി 13 നവംബർ 2022, വിജ്ഞാപനം, കേരള ഗസറ്റ് നോട്ടിഫിക്കേഷൻ നമ്പർ 3829 തീയതി 14, നവംബർ 2022 പ്രകാരവും കേരള സർക്കാർ കേരളാ വോളന്ററി ഹെൽത്ത് സർവ്വീസിനെ എറണാകുളം ജില്ലയിലെ, കൊച്ചി താലൂക്കിൽ, നായരമ്പലം വില്ലേജിൽ നായരമ്പലം ഹെർബർട്ട് പാലം അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് വേണ്ടി സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിനുള്ള യൂണിറ്റ് ആയി ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സാമൂഹിക പ്രത്യാഘാത യൂണിറ്റ് രൂപപ്പെടുത്തി.

### 3.2 സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് ടീമിന്റെ ഘടനയും വിവരങ്ങളും

| ക്രമ നം. | പേര്, മേൽവിലാസം | ടീമിലെ സ്ഥാനം | പ്രവർത്തന പരിചയവും മറ്റ് വിവരങ്ങളും |
|---|---|---|---|
| 1. | സാജു. വി.ഇട്ടി | റ്റീം ലീഡർ | 30 വർഷം സാമൂഹിക സേവന മേഖലയിൽ ഉള്ള പ്രവർത്തന പരിചയം. പുനരധിവാസ പുനസ്ഥാപന പ്രവർത്തനങ്ങളിലും സാമൂഹിക വിവരശേഖരണത്തിലും ഗവേഷണത്തിലും ഉള്ള പ്രവർത്തി പരിചയം. |
| 2. | രാകേഷ് ആർ. നായർ | പുനരധിവാസ പുനസ്ഥാപന വിദഗ്ദൻ സാമൂഹിക വിവരശേഖകൻ | 15 വർഷത്തെ പ്രവർത്തന പരിചയം |
| 3. | സ്മിത ആർ | പുനരധിവാസ പുനസ്ഥാപന വിദഗ്ദ, സാമൂഹിക വിവരശേഖക | 22 വർഷത്തെ പ്രവർത്തന പരിചയം |
| 4. | എം.ഇബ്രാഹിംകുട്ടി | സാമൂഹിക ശാസ്ത്രജ്ഞൻ | Rtd.ജോയിന്റ് ഡയറക്ടർ സോഷ്യൽ വെൽഫെയർ ബോർഡ് 35 വർഷത്തെ പ്രവർത്തി പരിചയം |
| 5. | ഷീബ ജോൺസൻ | ഡേറ്റ അനലൈസർ & വിവര ക്രോഡീകരണം | 30 വർഷത്തെ പ്രവർത്തി പരിചയം |
| 6. | എൻ.വിജയകുമാര പിള്ള | ഉപദേശകൻ- ഭൂമി ഏറ്റെടുക്കൽ | Rtd. റവന്യൂ ഇൻസ്പെക്ടർ |
| 7. | ഒ.സി.ചാണ്ടി | ഉപദേശകൻ- ഭൂമി ഏറ്റെടുക്കൽ | Rtd. വില്ലേജ് ഓഫീസർ |

KERALA V H S MULLANKUZHY KOTTAYAM-2 COLLECTORATE P.O.

### 3.3. പഠന സമീപനം

എറണാകുളം ജില്ലയിലെ കൊച്ചി താലൂക്കിൽ നായരമ്പലം വില്ലേജിൽപ്പെട്ട ഭൂമി കൊച്ചി നായരമ്പലം ഹെർബർട്ട് പാലം അപ്രോച്ച് റോഡ് നിർമ്മാണ പദ്ധതിക്ക് വേണ്ടി ഉദ്ദേശം 0.0648 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുന്നത്. ഈ പ്രദേശത്തെ എട്ട് ഭൂമികളെ പദ്ധതി ബാധിക്കപ്പെടുന്നുണ്ട്. പഠനത്തിന്റെ ഭാഗമായി പ്രധാനപ്പെട്ട പദ്ധതി പങ്കാളികളെ സാമൂഹിക വിശകലനത്തിലൂടെ കണ്ടെത്തുകയും അവരുമായി ആശയ വിനിമയ സംവിധാനം രൂപപ്പെടുത്തുകയും പഠനത്തിന് അവരുടെ പങ്കാളിത്തം ഉറപ്പു വരുത്തുകയും ചെയ്തു. തുടർന്ന് വില്ലേജ് ഓഫീസ്, സെപ്ഷ്യൽ തഹസിൽദാർ ഓഫീസ്, കേരള റോഡ് ഫണ്ട് ബോർഡ് ഓഫീസ് എന്നിവിടങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുകയും പദ്ധതി ബാധിതരുടെ വിവര ശേഖരണത്തിനായി ഒരു ചോദ്യാവലി തയ്യാറാക്കുകയും ഉണ്ടായി. തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് ഓരോ പദ്ധതി ബാധിത കുടുംബത്തെയും സന്ദർശിച്ച് സാമൂഹിക - സാമ്പത്തിക- സാംസ്കാരിക വിവരശേഖരണം നടത്തുകയും ആയത് ക്രോഡീകരിച്ച് വിശകലനം നടത്തുകയും ഉണ്ടായി. സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് പദ്ധതി ബാധിതരുടെ കൂട്ടായ ചർച്ചകൾ സംഘടിപ്പിക്കുകയും അഭിപ്രായങ്ങൾ സ്വീകരിക്കുകയും ഉണ്ടായി. ഇതിനെ തുടർന്ന് 2022 ഡിസംബർ 22 നു പൊതു അഭിപ്രായ സ്വീകരണയോഗം നടത്തുകയും അഭിപ്രായങ്ങൾ ശേഖരിക്കുകയും ചെയ്തു. ജനപ്രതിനിധികളുമായി ഒറ്റയ്ക്കും കൂട്ടായും കൂടിയാലോചനകൾ നടത്തുകയും അഭിപ്രായങ്ങൾ സ്വീകരിക്കുകയും ചെയ്തു.

### 3.4. പദ്ധതിയുടെ രീതി ശാസ്ത്രവും നടപ്പിലാക്കിയ മാർഗ്ഗങ്ങളും

പദ്ധതി സംബന്ധമായി ലഭ്യമായ എല്ലാ രേഖകളും വിവിധ ഓഫീസുകളിൽ നിന്നും ശേഖരിക്കുകയും പദ്ധതി പ്രദേശങ്ങളിൽ നിരന്തരം സന്ദർശിക്കുകയും വിവിധ വ്യക്തികളുമായി കൂടിയാലോചനകൾ നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പദ്ധതി ബാധിതരെ കണ്ടെത്തുകയും അവരുമായി നേർക്കുനേർ സംസാരിച്ച് മുൻ തയ്യാറാക്കിയ ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ വിവരശേഖണം നടത്തുകയും ഉണ്ടായി. ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ വീണ്ടും പദ്ധതി ബാധിതരുമായി കൂടിയാലോചനകൾ നടത്തി സാമൂഹിക പ്രത്യാഘാതത്തിന്റെ വ്യാപ്തിയും തോതും വിവിധ ഗവേഷണ മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തി വിശകലനം ചെയ്യുകയാണ് ഉണ്ടായത്. മേൽപ്പറഞ്ഞ വിവരശേഖരണത്തിന്റെയും പഠനത്തിന്റെയും അടിസ്ഥാനത്തിൽ കരട് റിപ്പോർട്ട് തയ്യാറാക്കുകയും ആയത് 2022 ഡിസംബർ 22-ാം തീയതി നടന്ന പൊതു അഭിപ്രായ സ്വീകരണ യോഗത്തിൽ അവതരിപ്പിക്കുകയും ചെയ്തു. പ്രസ്തുത യോഗത്തിൽ പദ്ധതി ബാധിതർ ഉയർത്തിയ നിർദ്ദേശങ്ങളും ചർച്ചകളും ഉൾപ്പെടുത്തി 2022 ഡിസംബർ 28-ാം തീയതി സാമൂഹിക ആഘാത പഠന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

### 3.5. വിവര ശേഖരണ കേന്ദ്രങ്ങൾ

1. സ്പെഷ്യൽ തഹസിൽദാർ (എൽ.എ,) കിഫ് ബി, എറണാകുളം
2. കേരള റോഡ് ഫണ്ട് ബോർഡ് ഓഫീസ്
3. താലൂക്ക് - കൊച്ചി

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

4. വില്ലേജ് ഓഫീസ് - നായരമ്പലം
5. പഞ്ചായത്ത് ഓഫീസ് - നായരമ്പലം
6. പദ്ധതി ബാധിതരായ കുടുംബങ്ങളും ഭൂഉടമകളും
7. ജനപ്രതിനിധികൾ

### 3.6. നടപടികളും സമയക്രമങ്ങളും

14/11/2022-സാമൂഹിക പ്രത്യാഘാത പഠന സംബന്ധമായ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.
16/11/2022 - 17/11/2022 - സെക്കന്ററി വിവരശേഖരണം
17/11/2022 - പദ്ധതി പങ്കാളികളെ / താൽപര്യമുള്ളവരെ കണ്ടെത്തൽ
18/11//2022 - 19/11/2022 - സാമൂഹിക സർവ്വേ
18/11/2022 & 19/11/2022 -ട്രാൻസിറ്റ് വോക്ക്, ഒബ്സർവേഷണൽ സ്റ്റഡി, വ്യക്തിഗത പഠനങ്ങൾ
24/11/2022 - കരട് റിപ്പോർട്ട്
22/12/2022 - പൊതുഅഭിപ്രായ സ്വീകരണ യോഗം
29/12/2022 - അന്തിമ റിപ്പോർട്ട്

### 3.7.പദ്ധതി ബാധിതരുമായുള്ള കൂടിക്കാഴ്ചയിൽ ഉന്നയിക്കപ്പെട്ട പ്രധാന അഭിപ്രായങ്ങൾ

1. സമയബന്ധിതമായ ഭൂമി ഏറ്റെടുക്കൽ പ്രത്യാഘാതം കുറയ്ക്കാൻ സഹായകമാണ്.
2. ഭൂമിയുടെ നഷ്ടപരിഹാരത്തുക ഭൂവുടമകളുമായി കൂടിയാലോചിച്ച് നിശ്ചയിക്കേണ്ടതാണ്.
3. പദ്ധതി രൂപരേഖയും, ലവൽസ് സംബന്ധമായ വിവരങ്ങളും, പദ്ധതി ബാധിതരുമായി പങ്കുവയ്ക്കുകയും അവരുടെ സംശയങ്ങൾ ദൂരീകരിക്കുകയും വേണം.
4. പുനരധിവാസ- പുനർവാസ നടപടികൾ ഭൂമി ഏറ്റെടുക്കലിന് മുമ്പ് നടപ്പിലാക്കണം.
5. ഇപ്പോഴത്തെ പ്രവേശനമാർഗ്ഗങ്ങൾ പൂർണ്ണമായും പുനസ്ഥാപിച്ച് നൽകണം.
6. നഷ്ടപ്പെടുന്ന ഭൂമിക്കും, തൊഴിലിനും ചമയങ്ങൾക്കും ന്യായമായ നഷ്ടപരിഹാരം നൽകണം.
7. പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ സംബന്ധമായും, നടത്തിപ്പ് സംബന്ധമായും ഉള്ള വിവരങ്ങൾ കൃത്യമായ ഇടവേളകളിൽ പദ്ധതിബാധിതരെ അറിയിക്കണം.
8. പുനരധിവാസവും- പുനർവാസവും നടപടികൾ മുൻകൂട്ടി പദ്ധതി ബാധിതരെ അറിയിച്ച് അവരുടെ പങ്കാളിത്തം ഉറപ്പ് വരുത്തണം.

### 3.8. പൊതു അഭിപ്രായ സ്വീകരണ യോഗം - 22-12-2022 ൽ ശ്രീ.സ്റ്റീഫൻ മങ്കുഴിയുടെ ഭവനാങ്കണം

പൊതു അഭിപ്രായ സ്വീകരണ സംബന്ധമായ അറിയിപ്പ് പ്രധാന ദിനപത്രങ്ങളായ ജനയുഗം, മംഗളം എന്നിവയിൽ പ്രസിദ്ധീകരിക്കുകയും, പദ്ധതി ബാധിതന്റെ മേൽവിലാസത്തിൽ പൊതു അഭിപ്രായ സ്വീകരണ യോഗം സംബന്ധമായ കത്ത് നൽകുകയും, വിശദമായ സന്ദേശം പദ്ധതി ബാധിതന്റെ ഫോണുകളിൽ നൽകുകയും, പദ്ധതി ബാധിതനെ ഫോണിൽ ബന്ധപ്പെടുകയും ഉണ്ടായി. ഇത് കൂടാതെ യോഗം സംബന്ധമായ അറിയിപ്പ്

KERALA VHS * COLLECTORATE P.O. MULLANKUZHY KOTTAYAM-2

വില്ലേജ് ഓഫീസ്, പഞ്ചായത്ത് എന്നിവടങ്ങളിൽ പ്രസിദ്ധീകരിക്കുകയും, ഫോൺ വഴി അറിയിക്കുകയും ചെയ്തു. സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്റെ കരട്, നിയമം നിർദ്ദേശിക്കുന്ന എല്ലാ ഓഫീസുകളിലും പൊതുജനങ്ങളുടെ പരിശോധനയ്ക്ക് സഹായകരമായ വിധം പ്രസിദ്ധീകരിക്കുകയും യോഗ ദിവസം റിപ്പോർട്ടിന്റെ പകർപ്പുകൾ ആവശ്യമായ രീതിയിൽ വിതരണം ചെയ്യുകയും ചെയ്തു. യോഗത്തിൽ പഞ്ചായത്ത് ജനപ്രതിനിധികൾ, സ്പെഷ്യൽ തഹസിൽദാർ എൽ.എ, എന്നിവരുടെ സാന്നിധ്യം ഉറപ്പാക്കുന്ന വിധം അറിയിപ്പുകൾ നൽകുകയും ഉണ്ടായി.

22-12-2022 ൽ ശ്രീ.സ്റ്റീഫൻ മങ്കുഴിയുടെ ഭവനാങ്കണത്തിൽ വച്ച് നടന്ന പൊതു അഭിപ്രായ സ്വീകരണത്തിൽ (ഫോറം- 5, റൂൾ 14 (1), ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമവും ചട്ടങ്ങളും 2013) പദ്ധതി ബാധിതർ ഉന്നയിച്ച പ്രധാന കാര്യങ്ങൾ

ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ എം.എൽ.എ., ശ്രീമതി. നീതു ബിനോദ്,പ്രസിഡന്റ്, നായരമ്പലം ഗ്രാമ പഞ്ചായത്ത്, ശ്രീ. എ.ഡി. മണി, വാർഡ് മെമ്പർ, ശ്രീ. വിനിൽ എം.വി. വാർഡ് മെമ്പർ, ശ്രീ.സന്തോഷ് റ്റി.എ., റവന്യു ഇൻസ്പെക്ടർ, സ്പെഷ്യൽ തഹസിൽദാർ ഓഫീസ് (എൽ.എ.) കിഫ്ബി, ശ്രീ. വിനോദ്, റ്റി.എൻ., റവന്യു ഇൻസ്പെക്ടർ, സ്പെഷ്യൽ തഹസിൽദാർ ഓഫീസ് (എൽ.എ.) കിഫ്ബി, ശ്രീ.ബി.ആർ ശ്രീകുമാർ, നായരമ്പലം ഗ്രാമ പഞ്ചായത്ത്, ശ്രീമതി. ശിൽപ കെ.എം. അസി. എക്സിക്യൂട്ടീവ് എൻജിനീയർ, കെ.ആർ.എഫ്.ബി. - പി.എം.യു, എറണാകുളം / തൃശ്ശൂർ ഡിവിഷൻ.

| ക്രമ നം. | അഭിപ്രായങ്ങൾ | വിശദീകരണം |
|---|---|---|
| 1 | ശ്രീ. ജോസഫ് സി. അറക്കൽ<br><br>പദ്ധതിക്ക് ഞങ്ങൾ എല്ലാം അനുകൂലവും, എത്രയും വേഗം പദ്ധതി പൂർത്തീകരിക്കണം എന്ന് ആഗ്രഹിക്കുന്നവരുമാണ്. എന്നാൽ പദ്ധതിക്ക് വേണ്ടി ഞങ്ങൾ നൽകുന്ന ഭൂമിക്ക് ന്യായമായ നഷ്ടപരിഹാരം നൽകണം. | ശ്രീമതി. ശിൽപ കെ.എം. അസി. എക്സിക്യൂട്ടീവ് എൻജിനീയർ, കെ.ആർ.എഫ്.ബി. - പി.എം.യു, എറണാകുളം / തൃശ്ശൂർ ഡിവിഷൻ. |
| 2 | ശ്രീ.സ്റ്റീഫൻ മങ്കുഴി<br><br>എതിർവശത്ത് ഉള്ള സർക്കാർ ഭൂമി ഏറ്റെടുക്കാതെയാണ് എന്റെ ഭൂമിയിലേക്ക് പദ്ധതി വരുന്നത്. എങ്കിലും പദ്ധതിയെ അനുകൂലിക്കുന്നു. സമയബന്ധിതമായി പൂർത്തീകരിക്കണം. | പാലത്തിന്റെ വികസനവും പദ്ധതിയിൽ ഉണ്ടെങ്കിലും ഇപ്പോൾ അപ്രോച്ച് റോഡ് വീതികൂട്ടി വികസിപ്പിക്കുന്ന പദ്ധതിയുടെ ഭൂമി ഏറ്റെടുക്കലാണ് നടക്കുന്നത്. |
| 3 | ശ്രീ. ജോൺ എം.ആർ. മങ്കുഴി<br><br>ഭൂമി നഷ്ടപ്പെടുന്നുണ്ട്, എങ്കിലും വികസനത്തെ അനുകൂലിക്കുന്നു. ന്യായമായ നഷ്ടപരിഹാരം നൽകണം. | **ശ്രീ. വിനോദ്, റ്റി.എൻ., റവന്യു ഇൻസ്പെക്ടർ, സ്പെഷ്യൽ തഹസിൽദാർ ഓഫീസ് (എൽ.എ.) കിഫ്ബി,**<br><br>2013 -ലെ പുതിയ ഭൂമി |

KERALA VHS MULLANKUZHY KOTTAYAM-2 COLLECTORATE P.O.

| | | |
|---|---|---|
